**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ മാവത്തുംപടി ഗ്രൗണ്ടിൽ വെച്ച് ഒളവണ്ണ ഫുട്ബാൾ അക്കാദമിയുടെ ആഭിമുഖ്യത്തിൽ 2017 മാർച്ച 26 മുതൽ ഏപ്രിൽ 26 വരെ നടത്തപ്പെടുന്ന സെവൻസ് ഫുട്ബാൾ ടൂർണമെന്റിനെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കൽ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.766/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം.18/03/2017.

പരാമർശം:

1.ഒളവണ്ണ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 17.02.2017 -ആം തീയതി നടന്ന മീറ്റിംഗിലെ 1 ആം നമ്പർ തീരുമാനം.

2.ഒളവണ്ണ ഫുട്ബാൾ അക്കാദമി കൺവീനറിന്റെ 27.02.2017 ലെ കത്ത്.

**ഉത്തരവ്**

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ മാവത്തുംപടി ഗ്രൗണ്ടിൽ വെച്ച് ഒളവണ്ണ ഫുട്ബാൾ അക്കാദമിയുടെ ആഭിമുഖ്യത്തിൽ 2017 മാർച്ച 26 മുതൽ ഏപ്രിൽ 26 വരെ നടത്തപ്പെടുന്ന അഖിലേന്ത്യാ സെവൻസ് ഫുട്ബാൾ ടൂർണമെന്റിനെ 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടെയിൻമെന്റ് ടാക്സ് ആക്റ്റ് 7 എ വകുപ്പ പ്രകാരം വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു. ടിക്കറ്റ് ചാർജിൽ നിന്നും നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പ വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ വിശ്രുതൻ ആചാരി,
ഡെപ്യൂട്ടിസെക്രട്ടറി

കൺവീനർ, ഒളവണ്ണ ഫുട്ബാൾ അക്കാദമി, കോഴിക്കോട് ജില്ല.
സെക്രട്ടറി, ഒളവണ്ണ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് ജില്ല.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ എ.ജി. (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള. സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ